ശ്രീ. പാമ്പം തളിയത്തു്: ഇത്രദിവസത്തിനകത്തു് ഈ കേസു തെളിയിക്കും എന്നു പറഞ്ഞതായിട്ടു ഗവണ്മെണ്ടിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ പറഞ്ഞിട്ടില്ല.

ശ്രീ. പാമ്പം തളിയത്തു്: പത്രങ്ങളിൽ റിപ്പോർട്ടുണ്ടായിരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ആ പത്രംതന്നെ എന്റെ കയ്യിലുണ്ടു്. അതിൽ പറഞ്ഞിരിക്കുന്നതു കഴിയുന്നത്ര വേഗത്തിൽ എന്നാണു്.

ശ്രീ. പാമ്പം തളിയത്തു്: സംഭവം നടന്നിട്ടു് എത്രമാസമായി എന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സംഭവം നടന്നതു മിഥുനത്തിലാണെന്നു തോന്നുന്നു.

ശ്രീ. പാമ്പം തളിയത്തു്: കേസു തെളിയിക്കുവാൻ ഇനിയും എത്രനാൾ വേണ്ടിവരുമെന്നാണു് ഗവണ്മെണ്ടുദ്ദേശിക്കുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. പാമ്പം തളിയത്തു്: അതിനു് ഇനിയും കാലമാമസം വരുമോ എന്നാണു് ചോദിക്കുന്നതു്.

ശ്രീ. ടി. കെ. നാരായണപിള്ള: കഴിയുന്നത്ര വേഗത്തിൽ തെളിവുണ്ടാകും. അതിനുവേണ്ട നടപടികൾ എടുക്കുന്നുണ്ടു്.

ശ്രീ. എസ്സു്. കുട്ടൻ: സ്പെഷ്യൽ സി. ഐ. ഡി. ഉദ്യോഗസ്ഥനെ നിയമിച്ചിരിക്കുന്നതുകൊണ്ടു് ഐ. ജി. ക്കു് ഇതിലുള്ള ചുമതല ഇല്ലാതാകുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് അഭിപ്രായവ്യത്യാസമുള്ള ഒരു കാര്യമാണു്.

STATE GUESTS

*29. [31] **Sri. Paul Thaliath:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether any officers of the Central Government have been received in the State as State Guests after the 26th January;

(*b*) if the answer to (*a*) is in the affirmative the number so received and the amount spent for the same up to 30—7—1950; and

(*c*) whether any of the State Officers gone to Delhi on official business has been treated as a State Guest there?

Chief Minister **[Sri. T. K. Narayana Pillai]:**

(*a*) Yes.

(*b*) 7 guests and Rs. 2,152 spent for them.

(*c*) No.

ശ്രീ. പാമ്പം തളിയത്തു്: നമ്മുടെ രാജ്യത്തുള്ള ഉദ്യോഗസ്ഥന്മാർ ഡൽഹിയിൽ പോകുമ്പോൾ അവരെ അവിടെ സ്റ്റേറ്റ് ഗസ്റ്റായി സ്വീകരിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചിലപ്പോൾ സ്വീകരിക്കാറുണ്ടു്.

Sri. P. Balakrishnan Tampi: Are they allowed to be State Guests in other Provinces and States?

Sri. T. K. Narayana Pillai: Certain officers are allowed to be so.

INDO-MERCANTILE BANK LTD.

*30. [32] **Sri. Paul Thaliath:** Will the Hon'ble Minister for Finance be pleased to state.—

(*a*) whether the Government are aware that the Indo-Mercantile Bank Ltd., was working at a loss for the last three years;

LIBRARY ARCHIVES Kerala Legislative Assembly

(*b*) whether it is a fact that the Government have given guarantee to all the depositors of the Bank;

(*c*) if so, the total amount for which such a guarantee is given and the period up to which the same will be valid; and

(*d*) the total deposit outstanding as on 30—7—1950 distinguishing between the Government deposit and others?

Minister for Finance and Revenue **[Sri. A. J. John]:**

(*a*) Yes.

(*b*) No Government have guaranteed deposits received by the Bank up to a maximum of Rs. 25 lakhs for a period of two years only from 8—10—1949.

(*c*) Rs. 25 lakhs for 2 years from 8—10—1949.

(*d*) Total deposits Rs. 47,27,000.
Government deposits Rs. 25,00,000.
Other deposits Rs. 22,27,000.

ശ്രീ. പാഠം തളിയത്തു്: ഗവമ്മെണ്ടിൽനിന്നും കൊടുത്തിരിക്കുന്നതനുസരിച്ചു് 25 ലക്ഷം രൂപായുടെ ഗാറണ്ടിക്കു വേണ്ട സ്വത്തുക്കൾ ബാങ്കിനുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഗവമ്മെണ്ടിൽനിന്നും 25 ലക്ഷം രൂപായ്ക്കാണു് ഗാരൻറി കൊടുത്തിട്ടുള്ളതു്. അതിൽ 12 ലക്ഷം രൂപായുടെ ഗാരൻറി മാത്രമേ എഴുതിക്കൊടുത്തിട്ടുള്ളൂ.

ശ്രീ. പാഠം തളിയത്തു്: 25 ലക്ഷം രൂപായുടെ ഗാരൻറി കൊടുത്തിരിക്കുന്നതുകൊണ്ടു് അതിൽ കൂടുതലുള്ള ഒരു സംഖ്യ ഞങ്ങൾ ഡപ്പോസിറ്റ് ചെയ്യുകയില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: ഇപ്പോൾ ഡപ്പോസിറ്റ് കൂടുതലായി കിട്ടിക്കൊണ്ടിരിക്കുകയാണെന്നാണു ഗവമ്മെൻറിൻെറ അറിവു്.

Sri. Daniel Jose: May I know what is the reason for giving guarantee to this bank.

ശ്രീ. എ. ജെ. ജോൺ: ആവശ്യമാണെന്നു ബോദ്ധ്യമുള്ളതുകൊണ്ടാണു് കൊടുത്തിട്ടുള്ളതു്.

ശ്രീ. എസ്. കുട്ടൻ: ഗവമ്മെൻറ് ഗാറണ്ടി കൊടുത്തതു് എത്തു് അഷ്വറൻസിൻമേലാണു്?

ശ്രീ. എ. ജെ. ജോൺ: ബാങ്കിനു് ഇതിനു തക്കവണ്ണമുള്ള അസെറ്റ്സ് ഉണ്ടു്.

ശ്രീ. എസ്. കുട്ടൻ: ബാങ്കിൻെറ അസെറ്റ്സ് ആൻറ് ലയബിലിറ്റീസ് കണക്കാക്കി കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജോൺ: ഉണ്ടു്. മുമ്പു കൊച്ചി ഗവമ്മെണ്ടിൽനിന്നു് ഫൈവ് ലക്ഷം രൂപാ കൊടുത്തിട്ടുണ്ടായിരുന്നു. ആ ബാങ്കിൻെറ ധനസ്ഥിതി കുറഞ്ഞതുകൊണ്ടു് അതു് അധഃപതിച്ചേക്കുമെന്നും, കഴുപ്പമുണ്ടാകുമെന്നും ബോദ്ധ്യപ്പെട്ടതുകൊണ്ടാണു് കൊച്ചി ഗവമ്മെണ്ടു് ഫൈവ് ലക്ഷം രൂപാ കൊടുത്തതു്. പിന്നീടു് ശരിപ്പെടുത്തുവാൻവേണ്ടി ഒൻപതു ലക്ഷം രൂപാകൂടി ഈ ഗവമ്മെണ്ടു് കൊടുത്തു.

ശ്രീ. എം. താണുപിള്ള: ഇതു് ഇൻറഗ്രേഷൻ വരുന്നതിനുമുമ്പാണോ?

ശ്രീ. എ. ജെ. ജോൺ: സംയോജനത്തിനുശേഷമാണു് 25 ലക്ഷം രൂപാകൊടുത്തതു്.

ശ്രീ. എം. താണുപിള്ള: ഇപ്പോൾ എത്ര ലക്ഷം രൂപായുടെ ഗാറണ്ടിയുണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: 5 ലക്ഷം രൂപായുടെ.

ശ്രീ. ഏ. താണുപിള്ള: ബാങ്കിന്റെ ധനസ്ഥിതിയെപ്പറ്റി ഒടുവിൽ കൊടുത്തിട്ടുള്ള റിപ്പോർട്ട് എന്താണ്?

മിസ്റ്റർ സ്പീക്കർ: ആഡർ, ആർഡർ.

Written Answers

ANTI-COMMUNIST WORKERS

*1. [34] **Sri. P. T. Chacko :** Will the Hon'ble Chief Minister be pleased to state :

(*a*) whether at the instance of the Government, anti-communist vigilence committees are being organised in villages ;

(*b*) whether a statement that anti-communist workers at Memuri are going about extorting money from the villagers and committing dacoities, by congress workers at Memuri came to the notice of the Government ;

(*c*) whether it is a fact that the house of Thalavady Pappan was demolished.

(*d*) if true was it done by the police ; and

(*e*) whether Government have taken any steps in the matter ?

Chief Minister **[Sri. T. K. Narayana Pillai] :**

(*a*) No.

(*b*) There were complaints ; but on enquiry they were found to be false.

(*c*) No.

(*d*) & (*e*) Do not arise in view of answer to (*c*) above.

ശബരിമല ക്ഷേത്ര നാശം

*൧ (൩൪) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടിനൽകുമോ?

(എ) ശബരിമല ക്ഷേത്ര ദഹനത്തെ സംബന്ധിച്ചു വല്ല തെളിവും കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു്?

(ബി) ഗവൺമെൻറ് ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതു്.

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ക്ഷേത്ര ദഹനം സംബന്ധിച്ചുള്ള അന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാൽ ടി സംഗതിയെപ്പറ്റി കൂടുതൽ വിവരം ഇപ്പോൾ വെളിപ്പെടുത്തുന്നതു ശരിയല്ല.

(ബി) ശബരിമല അന്വേഷണത്തിനായി എതാനും പോലീസുദ്യോഗസ്ഥന്മാരെ മി. കേശവമേനവന്റെ മേൽനോട്ടത്തിൽ നിയമിച്ചിട്ടുണ്ടു്. അവർ അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണു്.

സുരേന്ദ്രന്റെ മരണം

*൩(൩൯) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ?

(എ) പോലീസു ലോക്കപ്പിൽവച്ചു കമ്മ്യൂണിസ്റ്റുകാരനായ സുരേന്ദ്രന്റെ മരണം സംബന്ധിച്ചു പ്രധാനമന്ത്രി അന്വേഷണം നടത്തിയോ?

(ബി) അന്വേഷണത്തിന്റെ ഫലമെന്തു്?

LIBRARY ARCHIVES Kerala Legislative Assembly